# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.1/66/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.1/66/2023 തീയ്യതി: 03/03/2023

## തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-12-2022 | 15-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2022 | 15-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത ജാസ്മിൻ.ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുനിത ബാബു.ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആർ. ഗിരിജ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഡോ. ജി. പ്രീതിനാഥ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആൻസി. ആർ.ജെ. | അഗ്രികൾച്ചറൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ലേഖ ജോർജ്ജ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ലിജ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സബിത സെലിൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. റോഷ്നി. സി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ജുഷ. എ.എസ്. | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത രാജ് | ലേഡി വല്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ബി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി രമ്യ. എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. വേൽമുരുകൻ. റ്റി. | അസി. സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ. മനോജ്. റ്റി.ആർ. | അസി. സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീമതി റീജ (ചാർജ്ജ്) | ഹെഡ്മിസ്ട്രസ് | 01-04-2021 | 26-10-2021 |
| ശ്രീമതി പുഷ്പം | ഹെഡ്മിസ്ട്രസ് | 27-10-2021 | 31-03-2022 |
| ശ്രീമതി സൗമ്യ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിജയലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി സിന്ധു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല | 1-10 |
| 11 | ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല | 1-12 |
| 13 | മാർക്കറ്റ് ലേലം - തുക അക്കൗണ്ട് ചെയ്തിട്ടില്ല. | 1-13 |
| 14 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഒടുക്കുവരുത്തിയിട്ടില്ല | 1-14 |
| 15 | പഞ്ചായത്തിന് ലഭ്യമായ ജി.എസ്.ടി തുക സർക്കാരിലേയ്ക്ക് ഒടുക്കാതെ സ്വകാര്യ ഏജൻസിയ്ക്ക് നൽകി - രേഖകൾ ലഭ്യമല്ല- 2,29,708/- രൂപ തടസ്സപ്പെടുത്തുന്നു. പിഴയിനത്തിൽ ഒടുക്കിയ 4550/- രൂപ നിരാകരിക്കുന്നു | 1-15 |
| 16 | ജി.എസ്.ടി (ടി.ഡി.എസ് ) രജിസ്ട്രേഷൻ എടുത്തിട്ടില്ല | 1-16 |
| 17 | പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-17 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-18 |
| 19 | കെ.എസ്.ഇ.ബി യ്ക്ക് പുതിയ കെട്ടിടനിർമാണത്തിനായി പഞ്ചായത്ത് ഭൂമി വിട്ടുനൽകുന്ന ഭരണസമിതി തീരുമാനം- തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-19 |
| 20 | സ്റ്റാറ്റസ് റിപ്പോർട്ട് കൃത്യത പുലർത്തുന്നില്ല. | 1-20 |
| 21 | ഹഡ്കോ എസ്.സി.പി ഫണ്ടിനത്തിൽ ലോൺ ലഭ്യമായിട്ടില്ല- തിരിച്ചടവിനത്തിൽ (ജി.ഒ പ്രോജക്റ്റ്) തുക കുറവ് ചെയ്ത് സർക്കാർ ഫണ്ട് ലഭ്യമായി. | 1-21 |
| 22 | ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട്- സർക്കാർ ഉത്തരവിന് വിരുദ്ധം | 1-22 |
| 23 | ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ ആധികാരിക രേഖകളില്ല- | 1-23 |

| | | |
|---|---|---|
| | 81,583/-രൂപ തടസ്സപ്പെടുത്തുന്നു. | |
| 24 | മെഡിക്കൽ ഓഫീസറുടെ പദ്ധതികൾ - അപാകതകൾ | 1-24 |
| 25 | ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം വേഗത്തിലാക്കണം | 1-25 |
| 26 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.500000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | ലൈഫ് ഗുണഭോക്താവിന് തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-27 |
| 28 | വീട് വാസയോഗ്യമാക്കൽ-അർഹതാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. | 1-28 |
| 29 | കോവിഡ് പ്രതിരോധപ്രവർത്തനം - പ്ലാൻഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചു. | 1-29 |
| 30 | വിനിയോഗസാക്ഷ്യപത്രങ്ങളും,ഫൈനൽബില്ലുകളും ഹാജരാക്കിയില്ല.1954494/-തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | മസ്റ്റർറോളുകളിൽ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ തുക നൽകി.89790/- രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | കാർഷികമേഖലയിലെ പദ്ധതിനടത്തിപ്പിൽ ജാഗ്രത പുലർത്തേണ്ടതാണ്. | 1-32 |
| 33 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ | 1-33 |
| 34 | വക്കീൽ ഫീസ് നൽകിയതിൽ നിന്നും റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-34 |
| 35 | സംഭാവനയായി ലഭിച്ച പെൻഡ്രൈവുകൾ വാങ്ങിയതായി കാണിച്ച് 9975/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ചു. 9975/- രൂപ നിരാകരിക്കുന്നു | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സംഭാവനയായി ലഭിച്ച പെൻഡ്രൈവുകൾ വാങ്ങിയതായി കാണിച്ച് 9975/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ചു. 9975/- രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 24.02.2021 ലെ 1നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

### 1-1-1ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 3667212 |
| വരവ് | 273456500 |
| ആകെ | 277123712 |
| ചെലവ് | 267021940 |
| നീക്കിയിരിപ്പ് | 10101772 |

### 1-1-2ബജറ്റ് പ്രൊപ്പോസൽ.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം.അതനുസരിച്ച് നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്.എന്നാൽ ബജറ്റ് പ്രൊപ്പോസൽ,ബജറ്റ് ഫയൽ എന്നിവ ലഭ്യമാക്കിയില്ല.ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ എല്ലാ ഘടക സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

### 1-1-3 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

### 1-1-4.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

### 1-1-5 .ബജറ്റ് അവലോകനം സംബന്ധിച്ച്

*പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട്(മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

*വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

1.1.6ബജറ്റിൽ വകയിരുത്തലും ചെലവും.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെക്കാൾ അധികമായും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരീക്കുകയും വേണം(214(5)).എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23-ലെ ബജറ്റിന്റെ ഭാഗമായാണ് 2021-22-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നു. പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല.

| ബജറ്റ് കോഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 2102002 | മറ്റ് ബത്തകൾ | 75000 | 153650 |
| 2102004 | ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 100000 | 202800 |
| 2103001 | പെൻഷൻ കോൺട്രിബ്യൂഷൻ | 1200000 | 1287890 |
| 2103002 | അവധി ശമ്പളം | 0 | 854763 |
| 2104001 | മറ്റ് സേവനവിരാമ ആനുകൂല്യങ്ങൾ | 125000 | 0 |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം 10/13.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2022 | 16.08.2022 |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2021-22 വർഷത്തെ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| അക്കൌണ്ട് നം | RP40b പ്രകാരം നീക്കിയിരിപ്പ് |
|---|---|
| TSB (Ownfund- 7020551400000008) | 49,211 |
| SBI -57060694959 | 21,828 |
| District Co Operative Bank 20461201200001 | 13306 |
| Treasury Acct Covid 799012900000141 | 150984 |

2. ബാങ്ക് അക്കൌണ്ടുകളുടെ റീ കൺസിലിയേഷൻ നടത്തിയിട്ടില്ല.

ILGMS ൽ 18 ബാങ്ക് അക്കൌണ്ടുകളുടെ വിവരങ്ങളാണ് ഉൾപ്പടുത്തിയിരിക്കുന്നത്. ആയതിൽ 09 അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല . ധനകാര്യപത്രികയിൽ (ആർ പി 40ബി) ആകെ 15 അക്കൌണ്ടുകളുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കാനറാബാങ്ക് 110045951643 എന്നീ അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.
ഡി.സി.ബി 20461201200002
കേരള ഗ്രാമീൺ ബാങ്ക് (ലൈഫ്)40348101074419 (അവലംബം ILGMS റീകൺസീലിയേഷൻ മാർച്ച് 2022)

3. കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ പത്രിക പ്രകാരം (മാർച്ച് 2022) Directly Debited By Bank എന്നയിനത്തിൽ 11,559/- രൂപ ( 31.05.2021 ൽ ) ക്രമീകരിക്കാനവശേഷിക്കുന്നു.

10.05.21ൽ ബാങ്കിൽ നിന്നും മാറിപ്പോയ 23934-ാം നമ്പർ ചെക്കിന്റെ പേയ്മെന്റ് എ.എഫ്.എസിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും 2022-23സാമ്പത്തിക വർഷം Prior Period Head ൽ പേയ്മെന്റ് ആയി ഉൾപ്പെടുത്തി ടി അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നം 8). അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. റീകൺസിലിയേഷൻ പത്രികയിൽ 07.01.2022 ൽ ലഭിച്ച മൂന്ന് ചെക്കുകൾ പ്രകാരമുള്ള തുക 45,898/- രൂപ നാളിതുവരെ കളക്ഷനാവാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കേരള ഗ്രാമീൺ ബാങ്ക് അക്കൌണ്ട്സ്റ്റേറ്റ്മെന്റ് പ്രകാരം 14.01.2022 ൽ പ്രസ്തുത തുക വരവുവന്നിട്ടുണ്ട്. തുക ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിക്കേണ്ടതാണ്.

5. കാനറാബാങ്ക് (3580101011324) അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 21,328.85/- ആണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 8,646/- ആണ്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയാറാക്കിയിട്ടില്ല. ബാങ്ക് ബുക്ക് പ്രകാരം 11,438/- രൂപ NPS Recoveries Payable എന്ന ശീർഷകത്തിൽ ( ചെക്ക് നം 653985, തീയതി 08-02-2022) കുറവ് ചെയ്തിരിക്കുന്നു. ടി തുകയുടെ പേയ്മെന്റ് രേഖപ്പെടുത്തിയപ്പോൾ അക്കൌണ്ട് നമ്പർ മാറിപ്പോയതാണെന്നും തനത് ഫണ്ട് ബാങ്ക് അക്കൌണ്ടിൽ നിന്നാണ് തുക പിൻവലിച്ചിരിക്കുന്നതെന്നും ഓഡിറ്റ് അന്വേഷണത്തിന് ( നം 12/ 09.12.2022 ) മറുപടി ലഭ്യമാക്കി. റീ കൺസീലിയേഷൻ നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. കേരള ഗ്രാമീൺ ബാങ്ക് (ലൈഫ്40348101063042) അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 2,79,518/- ആണ്. എന്നാൽ ആർ.പി 40ബി പ്രകാരം നീക്കിയിരിപ്പ് 2,34,719/- ആണ്. ILGMS ൽ അക്കൌണ്ടിന്റെ

റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

7. ഓഡിറ്റിന് ലഭ്യമാക്കിയ ഹഡ്കോ വായ്പാരജിസ്റ്ററിലെ തുകയും ധനകാര്യപത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| | മുന്നിരിപ്പ് | ലഭിച്ച തുക | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 64621598 | 1420000 | 5485331 | 60556267 |
| ധനകാര്യപത്രികപ്രകാരം | 64371363 | 1420000 | 5485332 (സുലേഖ പ്രകാരം ) | 60034697 |

8. NREGSന് മുൻകൂറിനത്തിൽ നൽകുന്ന തുകയുടെ വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

എ)

| | മുന്നിരിപ്പ് | മുൻകൂർ നൽകിയ തുക | തിരികെ ലഭ്യമായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| NREGS ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം | 171087 | 1984302 | 1154670 | 1,000,719 |
| ധനകാര്യപത്രിക പ്രകാരം | 641613 | ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തലില്ല ( 460500801) | 1154670 | 1,000,719 |

ബി) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ധനകാര്യപത്രിക പ്രകാരം 6,23,01,060/- ആണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ EFMS സ്റ്റേറ്റ്മെന്റ് പ്രകാരം തുക 6,21,42,000/- ആണ്. ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ 700/-രൂപ (I14(F) ഭരണചെലവിനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

9. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു.

10. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ മതിയായ രേഖപ്പെടുത്തലോടെ ILGMS ൽ തയാറാക്കിയിട്ടില്ല. ജേണൽ എൻട്രികളുടെ കൃത്യത/ ആധികാരികത ILGMS ഫയലുകളിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) , നോട്സ് ഓൺ അക്കൌണ്ട്സ്, കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി 7 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

13. B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി) രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

14. പഞ്ചായത്തിന് ലഭിക്കേണ്ട ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

15.വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു (ബി 4 ഷെഡ്യൂൾ) . തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ശീർഷകം | | തുക |
|---|---|---|
| 320100199 | Grant For Keralolsavam | 20000/- |
| 320200207 | Fund For Trasferred Institutions Ayurveda | 1787000/- |
| 320700405 | Contributions For Other Specific Purposes (For Revenue Expenditure ) From District Panchayats | 2050090 |
| 320700304 | Contributions For Other Specific Purposes (For Capital Expenditure ) From Block Panchayats | 1835500 |
| 320300199 | Grants Funds Contributions For Specific Purposes - Other Govt Agencies | 7126557 |

16.പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള TDCB ഉദിയൻകുളങ്ങര ബ്രാഞ്ചിൽ നിലവിലുള്ള 20461201200002 എന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലായെന്ന് മുൻവർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പായ(2020-21ലെ) 9370.50 രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. ILGMS ൽ തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകുന്നതുകകൾ വിവിധ ശീർഷകങ്ങളിലാണ് ഉൾപ്പെടുത്തുന്നത്. (Profession Tax – Institutions, Profession Tax-Employees, Profession Tax- Professionals, Profession Tax- Traders). തൊഴിൽ നികുതി വരവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക സോഫ്റ്റ്വെയർ ഇല്ലാത്തതിനാൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഈയിനത്തിലെ വരവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ വരവിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

18. നിക്ഷേപപ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയത് പൊരുത്തപ്പെടുന്നില്ല.

| ഏജൻസി | മുന്നിരിപ്പ് | നൽകിയ തുക | തിരികെ ലഭിച്ച തുക | ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 1142050 | മുൻകൂർ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല | 0 | 1230384 |

19. സിഎഫ് സി (Tied), സി.എഫ്.സി (Untied) ഗ്രാന്റുകളുടെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (RP40b), ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല ( ബി 4) . വിശദാംശം ചുവടെ

| ഫണ്ടിനം | നീക്കിയിരിപ്പ് ആർ പി 40b പ്രകാരം | നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|
| സിഎഫ് സി (Tied) | 1443540 | 561243 |
| സി.എഫ്.സി (Untied) | | 659250 |
| ആകെ | 1443540 | 1220493 |

CFCഗ്രാന്റുകൾക്കായി പ്രത്യേക അക്കൌണ്ട് നിലവിലിരിക്കെ ( കാനറാ ബാങ്ക് അക്കൌണ്ട് നം 110001554067) നീക്കിയിരിപ്പിലെ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയില്ല.

20. Rp 40b പ്രകാരമുള്ള Treasury A/c Covid799012900000141, സബ് ട്രഷറി പാറശ്ശാല ലെ നീക്കിയിരിപ്പ് 150984/- ആണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൌണ്ടിലെ നീക്കിയിരിപ്പ് പൂജ്യം ആണ്.

01.03.2022 മുതൽ 31.03.2022 വരെയുള്ള സ്റ്റേറ്റ്മെന്റാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. ലഭ്യമാക്കിയ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 26.03.2022 ൽ 1,60,400/- രൂപ പിൻവലിച്ചിട്ടുണ്ട്. (Particulars SB-TCHD-PAY) . എന്നാൽ പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് അക്കൌണ്ടുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

21. STSB അക്കൌണ്ടിൽ ( അക്കൌണ്ട് നം 799013000000077) Epoc Clearence എന്നയിനത്തിൽ രൂപ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകകൾ ഏതിനത്തിലെ വരവാണ്.തുക ILGMS ൽ ഏതിനത്തിലാണ് വരവായി രേഖപ്പെടുത്തിയത്. തിരികെ ലഭ്യമായ തുകകൾ അതാത് വ്യക്തികൾക്ക്/ആവശ്യങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ട്രഷറി അക്കൌണ്ടിൽ തിരികെ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | ലഭ്യമായ തീയതി | റിമാർക്സ് |
|---|---|---|
| 19988 | 19.01.2022 | Epoc Clr Bill Sno 12245-1.04.20 |
| 35153 | 20.01.22 | Epoc Clr Bill Sno 12762-1.04.20 |
| 300 | 20.01.22 | Epoc Clr Bill Sno 12801-1.09.21 |
| 1870 | 19.07.21 | Epoc Clr Bill |
| 22500 | 19.07.21 | Epoc Clr Bill |
| 70045 | 19.07.21 | Epoc Clr Bill |
| 24000 | 19.07.21 | Epoc Clr Bill |
| 10152 | 19.07.21 | Epoc Clr Bill |

22.B9 ൽ ബാധ്യതയിനത്തിൽ മുൻവർഷങ്ങളിൽ നിലനിൽക്കുന്ന ബാധ്യതയുൾപ്പെടെയുള്ള തുകകൾ തൻവർഷവും അടവാക്കിയിട്ടില്ല.

23. ഉത്സവബത്തയിനത്തിൽ 3000/- രൂപ കിട്ടാനുള്ളതായി 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. ILGMS മുഖേന ലെഡ്ജർ പരിശോധിച്ചതിൽ തൻവർഷം പ്രസ്തുത തുക ലഭ്യമായതായി കാണുന്നില്ല. കൂടാതെ തൻവർഷ ബാലൻസ് ഷീറ്റിലും തുക കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിൽ വരവുവച്ചതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

24. ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂൾ പ്രകാരം Other Creditors എന്നയിനത്തിൽ 3,28,280/- രൂപ ക്രമീകരിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. തുക ക്രമീകരിക്കാത്തതിന് കാരണം വ്യക്തമല്ല.

25. ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകൾ ILGMS ഓഡിറ്റ് ലോഗിൻ മുഖേന പരിശോധിക്കുമ്പോൾ പരിശോധനയ്ക്കാവശ്യമായ മുഴുവൻ വിവരങ്ങളും Upload ചെയ്തിട്ടില്ലാത്തതിനാൽ Online പരിശോധന കൃത്യമാകുന്നില്ല.

ഉദാ- സെക്രട്ടറി നിർവഹണം നടത്തിയ 22/22 പ്രോജക്ടിന്റെ ചെലവ് 452053/- രൂപയാണ്. ILGMS ൽ Voucher Details മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Payment Order Details, Demand Details , Related Voucher Details ,File Extract Details എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

26. 2021-22 വർഷത്തെ ധനകാര്യപത്രിക ബി2 പ്രകാരം ഡിസ്ട്രസ് റീലീഫ് ഫണ്ടിൽ നീക്കിയിരിപ്പായി 2470/- രൂപ, Other Trust Or Agency Fundൽ നീക്കിയിരിപ്പായി 69,945/- രൂപരേഖപ്പെടുത്തിയിരിക്കുന്നു.മുൻവർഷത്തെ അതേ തുകയാണ് നീക്കിയിരിപ്പായി തൻവർഷവും രേഖപ്പെടുത്തിയിരിക്കുന്നത്.

വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7) ഹരിതകർമസേനയുമായി ബന്ധപ്പെട്ട് കളക്ട് ചെയ്ത തുകയാണ് Other Trust Or Agency Fund ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നതെന്നും 2470/- രൂപ ഹെഡ് മാറി Panchayat Distress Relief Fund ൽ ഒടുക്കുവരുത്തിയതാണെന്നും മറുപടി ലഭ്യമാക്കി.

27)മാർക്കറ്റ് ലേലം വരവിനത്തിൽ തൻ വർഷം 719306/- രൂപയും ജി.എസ്.റ്റിയും ഉൾപ്പെടെ 848782/-രൂപ 23/02/22 ൽ തനതുഫണ്ട് അക്കൗണ്ടിലേക്ക് RTGS ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വരവായി വാർഷിക ധനകാര്യ പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.
28) തൊഴിൽ രഹിത വേതനം വരവ് ചെലവ് റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

2021-22 ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16777905 | 16777905 | 23058000 | -6280095 |
| വികസന ഫണ്ട് (SCP) | 0 | 9607933 | 9607933 | 7142775 | 2465158 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 4786300 | 4786300 | 3849015 | 937285 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 9449144 | 9449144 | 8518057 | 931087 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 14807267 | 14807267 | 14064940 | 742327 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 10580776 | 10580776 | 6859182 | 3721594 |

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല .
വിശദാംശം ചുവടെ

| ഫണ്ടിനം | വരവ് | |
|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
| *വികസന ഫണ്ട് ജനറൽ | 16777905 | 16039668 |
| *വികസന ഫണ്ട് എസ് സി പി | 9607933 | 7142775 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 10580776 | 6859182 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 14807267 | 14064940 |
| സി.എഫ്.സി ബേസിക് ഗ്രാന്റ് | 4786300 | 4564967 |
| സി.എഫ്.സി Tied ഗ്രാന്റ് | 9449144 | 8854549 |

*വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തുന്നില്ല. തൻ നിമിത്തം വരവ് കുറവായി രേഖപ്പെടുത്താനിടയാകുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പൊതു വിഭാഗം വികസന ഫണ്ടിന്റെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു. തന്മൂലം നീക്കിയിരിപ്പ് നെഗറ്റീവ് ആയിരിക്കുന്നു.

2) പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഹഡ്കോ ലോൺ രജിസ്റ്റർ പ്രകാരം ലൈഫ് മിഷൻ വായ്പ (എസ്.സി.പി) ഫണ്ടിനത്തിൽ നാളിതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല. എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന എസ്.സി.പി വിഹിതത്തിൽ നിന്നും വായ്പ തിരിച്ചടവിനത്തിൽ 3,96,001/- രൂപ കുറവുവരുത്തിയാണ് 2021-22 വർഷം എസ്.സി.പി ഫണ്ട് സർക്കാർ ലഭ്യമാക്കിയിരിക്കുന്നത് . ( വികസനഫണ്ട് എസ്.സി.പി യുടെ എ.സി .ആർ , സ.ഉ( സാധാ ) 3367/2021/ധന തീയതി 07.04.2021 , സ.ഉ( സാധാ ) 5206/2022/ധന തീയതി 30.07.2021 , സ.ഉ( സാധാ ) 22/2022/ധന തീയതി 01.01.2022 എന്നിവ പ്രകാരം ). പ്രസ്തുത പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

3) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവിന്റെ വിശദാംശങ്ങൾ ഗ്രാന്റ് പത്രികയിൽ രേഖപ്പെടുത്തുന്നില്ല.

4) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എ.സി.ആർ ലെ_രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | ചെലവ് | |
|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം |
| വികസന ഫണ്ട് ജനറൽ | 23058000 | 16039668 |
| വികസന ഫണ്ട് എസ് സി പി | 7142775 | 7497663 |
| മെയിന്റൻസ് ഫണ്ട് നോൺ റോഡ് | 6859182 | 7172074 |

<u>വികസന ഫണ്ട് സുലേഖ പത്രിക പ്രകാരമുള്ള മേഖലാ വകയിരുത്തലുകളും ചെലവുകളും</u>

| ഫണ്ട് | മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | ഉല്പാദനം | 5774320 | 3502692 | 61 |
| | സേവനം | 20592546 | 18610097 | 90 |
| | പശ്ചാത്തലം | 1345999 | 945211 | 70 |
| വികസനഫണ്ട്-എസ് .സി .പി | സേവനം | 6926000 | 5194068 | 75 |
| | പശ്ചാത്തലം | 2755000 | 1948707 | 71 |
| വികസനഫണ്ട്-ധനകാര്യകമ്മിഷൻ അവാർഡ് (പൊതുവിഭാഗം) | സേവനം | 12923690 | 10782480 | 83 |
| | പശ്ചാത്തലം | 2590201 | 1584592 | 61 |

(ഓഡിറ്റ് എൻക്വയറി നം 21/14.12.2022)

## 1-4 പദ്ധതി അവലോകനം

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 305 | 156807545 | 243 | 85370432 | 62 | 80 |

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 4 | 4 | 0 | 100 | 5601090 | 1994380 | 36 |
| Ii | വെറ്റിനറി സർജൻ | 6 | 4 | 2 | 67 | 6362000 | 1739326 | 27 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 4 | 4 | 0 | 100 | 2874000 | 2209558 | 77 |
| Iii | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 0 | 100 | 150000 | 150000 | 100 |
| Iv | മെഡിക്കൽ ഓഫീസർ – ആയുർവേദം | 1 | 1 | 0 | 0 | 1200000 | 1200000 | 100 |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -1 | 15 | 13 | 2 | 87 | 42341088 | 14686232 | 35 |
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 1 | 86 | 6689000 | 6444164 | 96 |
| Vii | സെക്രട്ടറി | 42 | 31 | 11 | 74 | 33761952 | 15007324 | 44 |
| Viii | അസിസ്റ്റന്റ് എഞ്ചിനീയർ | 210 | 168 | 42 | 80 | 50091090 | 37360297 | 75 |
| IX | എച്ച്.എം. | 4 | 3 | 1 | 75 | 1250000 | 1082251 | 87 |
| X | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 100 | 3434120 | 2426492 | 71 |
| Xi | അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 3 | 67 | 3053205 | 1070408 | 35 |
| ആകെ | | 305 | 243 | 62 | 80 | 156807545 | 85370432 | 54 |

1) ആകെ വകയിരുത്തിയതിന്റെ 54 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് . ഇത്തരത്തിൽ ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ 13 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പദ്ധതിപ്പണം പാഴാക്കാതെ പൂർണമായും ഫലപ്രദമായും ഉപയോഗിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിത വേതനം | 109920 |
| കർഷക തൊഴിലാളി പെൻഷൻ | 1,75,01,100 |
| വിധവാപെൻഷൻ | 2,45,62,000 |
| വാർദ്ധക്യകാല പെൻഷൻ | 4,79,36,900 |
| വികലാംഗ പെൻഷൻ | 1,25,77,700 |

| | |
|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 6,30,000 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 10,79,000 |

1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവ്- അവശേഷിക്കുന്ന തുക തിരികെ ഒടുക്കുവരുത്തേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ തിരിച്ചടവ് ഇനത്തിൽ 179600/- രൂപ ലഭ്യമായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട വെബ് സൈറ്റിൽ എല്ലാ തിരിച്ചടവുകളും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൻ വർഷം ലഭ്യമായ തുകയിൽ 159656/- രൂപ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുകയായ 19,944/- രൂപ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-5-2 സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നു

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ ലഭ്യമായാൽ 60 ദിവസത്തിനകം തുടർ നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാസമയം അനുവദിച്ചിട്ടില്ല . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷണറുടെ പേര് | അപേക്ഷ നൽകിയ തീയതി | പെൻഷൻ അനുവദിച്ചത് | പെൻഷൻ ഐ ഡി |
|---|---|---|---|---|
| 1 | മുംതാസ് ആർ | 1/1/21 | June-2021 | 102970601633 |
| 2 | കോമളം | 5/1/21 | June-2021 | 102970601628 |
| 3 | സുശീല ഭായ് ആർ | 1/1/21 | July 2021 | 102970601638 |
| 4 | വസന്ത തോമസ് | 7/1/21 | July 2021 | 102970601641 |
| 5 | പ്രതിഭറാണി ഒ ജെ | 7/1/21 | June 2021 | 102970601631 |
| 6 | പുഷ്പലത എസ് | 15/01/21 | Jul-2021 | 102970601647 |
| 7 | സരസു | 27/01/2021 | Sep-2021 | 102970601651 |
| 8 | എസ്. ശ്രീകല കുമാരി | 02/07/2021 | September-2021 | 102970601659 |
| 9 | വസന്ത .കെ | 18/04/2021 | Oct-2021 | 102970102323 |

പെൻഷൻ അപേക്ഷകളിൻമേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-5-3 മരണപ്പെട്ട ഗുണഭോക്താക്കളെ ക്ഷേമപെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയില്ല 22400/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

ധനകാര്യവകുപ്പിന്റെ സർക്കുലർ നം. എസ്.എഫ്.സി.-ബി2/53/2017/ധന തീയതി 22.01.2018 പ്രകാരം മരണപ്പെട്ട പെൻഷണർമാരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിലെ 2021മരണറിപ്പോർട്ടിലെ വിശദാംശങ്ങൾ ഉപയോഗിച്ച് തിരച്ചിൽ നടത്തിയതിൽ

പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഏതു വരെ പെൻഷൻ നൽകിയിരിക്കുന്നു | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | സദാനന്ദൻ | 102970101765 | കർഷക തൊഴിലാളി പെൻഷൻ | 26/07/21 | October-2021 | 4800 |
| 2 | രാജയ്യൻ. കെ | 102970100485 | കർഷക തൊഴിലാളി പെൻഷൻ | 20/08/21 | October-2021 | 3200 |
| 3 | റസീന | 102970100905 | കർഷക തൊഴിലാളി പെൻഷൻ | 30/08/21 | October-2021 | 3200 |
| 4 | കെ.പ്രഭാകരൻ നായർ | 102970200111 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/09/21 | October-2021 | 1600 |
| 5 | രാജമ്മ | 102970200160 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/06/21 | October-2021 | 6400 |
| 6 | പി.സുകുമാരൻ | 102970100619 | കർഷക തൊഴിലാളി പെൻഷൻ | 04/11/21 | December-2021 | 1600 |
| 7 | സിസിലെറ്റ് സാനുമതി | 102970601476 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 12/11/21 | December-2021 | 1600 |
| ആകെ | | | | | | 22400 |

ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനർഹമായി അനുവദിച്ച 22400/- രൂപ സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2022 തീയതിയിൽ 12.30 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1258/-(ആയിരത്തി ഇരുന്നൂറ്റി അൻപത്തി എട്ട്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

4) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

6) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

11) ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് വാടക, വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് എന്നിങ്ങനെയുള്ള വരവിനങ്ങളിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

12)തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്റർ, ഡെപ്പോസിറ്റ് വർക്ക് എന്നിവ തയ്യാറാക്കിയിട്ടില്ല.

13) വൗച്ചറുകൾ ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നു. എല്ലാ വൗച്ചറിനോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. ILGMS ലും വൗച്ചറുകൾ പൂർണമായും ഉൾപ്പെടുത്തിയിട്ടില്ല.

14) ILGMS ൽ ഉൾപ്പെടുത്തിയിരിക്കുന്ന ജേണൽ വൗച്ചറുകളിൽ ആയതിന്റെ ആധികാരികത ഉറപ്പുവരുത്തുന്ന രേഖകളൊന്നും Upload ചെയ്തിട്ടില്ല. പ്രസ്തുത വൗച്ചറുകൾ മേലുദ്യോഗസ്ഥർ ആവശ്യമായ പരിശോധന നടത്താതെയാണ് ജനറേറ്റ് ചെയ്തിരിക്കുന്നത്.
15) വിവിധ രജിസ്റ്ററുകൾ മാന്വൽ/ഡിജിറ്റൽ രീതിയിൽ കൃത്യമായും കാലികമായും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 41953 | 1254025 | 1295978 | 1272389 | 23589 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62301060 | 62301060 | 62301060 | 0 |
| ആകെ | 41953 | 63555085 | 63597038 | 63573449 | 23589 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2022 | 08/21-03/22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.11.2022 മുതൽ 29.11.2022 | 04/2016-10/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-10 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല

ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന വാടകക്കാർ വാടക ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമനമ്പർ | റൂം നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (Without GST ) | ആകെ തുക |
|---|---|---|---|---|
| 1 | 5 | Nagappan Nair | 1172 | 14064 |
| 2 | 10 | L.Tellas | 1172 | 14064 |
| 3 | 14 | Saraswathy | 3661 | 43932 |
| 4 | 17 | V S Sreelatha | 1903 | 22836 |
| 5 | 18 | V S Sreelatha | 3661 | 43932 |
| 6 | 19 | Sivakumar | 3661 | 43932 |
| 7 | 20 | Prabhakaran | 3661 | 43932 |
| 8 | 21 | Kumar S | 733 | 8796 |
| 9 | 22 | Sreelatha | 733 | 8796 |
| 10 | 23 | Sivanath | 733 | 8796 |
| 11 | 24 | Sivanath | 1172 | 14064 |
| 12 | 25 | Nagappan Nair | 1172 | 14064 |
| 13 | 26 | Sivanath | 733 | 8796 |
| 14 | 29 | Prabhakaran | 733 | 8796 |
| | | | ആകെ | 298800 |

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24 തീയതി 14/12/22) വാടകക്കാർ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ വാടക തുക ഒടുക്കു വരുത്തിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. W.P© No 15108/2014(k) ആയി രജിസ്റ്റർ ചെയ്തിരിക്കുന്നു

കേസിൽ 5 വാടകക്കാരാണ് ഉൾപ്പെട്ടിട്ടുള്ളത്. (റൂം നമ്പർ 10, 14,17,18,20,21,29) .11/08/2015 ലെ ഉത്തരവു പ്രകാരം അടുത്ത ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ വർദ്ധിപ്പിച്ച വാടക സ്റ്റേ ചെയ്തിട്ടുണ്ട്. എന്നാൽ കേസിൽ ഉൾപ്പെടാത്ത വ്യക്തികളിൽ നിന്നും പഞ്ചായത്ത് വാടക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. കേസിൽ ഉൾപ്പെട്ടവരിൽ നിന്നും വർദ്ധനവിനു മുൻപുള്ള നിരക്കൽ വാടക ഈടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം നഷ്ടപ്പെടാതെ ഈടാക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2021-22 സാമ്പത്തിക വർഷം ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2022-23 ൽ തയ്യാറാക്കിയ രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയതിൽ 21 വാർഡുകളിലായി 475 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം 231 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് എടുക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡ് തലത്തിൽ തയ്യാറാക്കി ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

1 )ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ

2)കിഴക്കേ ചെങ്കൽ MPCS

3)കീഴ്ക്കൊല്ല KUCS (2nd Half)

4)പോരന്നൂർ KUCS

5)തൃക്കണ്ണാപുരം ദേവസ്വം ബോർഡ്

6)ആറയൂർ ദേവസ്വം

7)KELPAM

8)സായ് കൃഷ്ണ പബ്ലിക് സ്കൂൾ

9)ബി.എസ്.എൻ.എൽ (First Half)

തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15, തീയതി 13/2/22 ) മറുപടി ലഭ്യമാക്കിയില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 1-13 മാർക്കറ്റ് ലേലം - തുക അക്കൗണ്ട് ചെയ്തിട്ടില്ല.

മാർക്കറ്റ് ലേലം വരവിനത്തിൽ തൻ വർഷം രണ്ടു ഗഡു തുക ഒടുക്കുവരുത്തിയിട്ടുണ്ട്. 338980/-രൂപയും ജി.എസ്.റ്റിയും ഉൾപ്പെടെ 400000/- രൂപ 02/11/21 ൽ ഒടുക്കുവരുത്തിയിട്ടുണ്ട്. 719306/- രൂപയും ജി.എസ്.റ്റിയും ഉൾപ്പെടെ 848782/-രൂപ 23/02/22 ൽ തനതുഫണ്ട് അക്കൗണ്ടിലേക്ക് RTGS ചെയ്തിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ മാർക്കറ്റ് ലേലം ഇനത്തിലെ വരവ് 338980/-രൂപയാണ്. 719306/- രൂപ വാർഷിക ധനകാര്യ പത്രികയിൽ മാർക്കറ്റ് ലേലം വരവ് ഇനത്തിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത തുക യഥാർത്ഥ ഹെഡിൽ വരവായി ഉൾപ്പെടുത്താത്തതിനാലാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22 , തീയതി: 14/12/22) മറുപടി ലഭ്യമാക്കിയില്ല. തനതു ഫണ്ടിൽ ഈ തുക എപ്രകാരം ക്രമീകരിച്ചു എന്ന് വ്യക്തമല്ല. തുക തനതുഫണ്ടിൽ ക്രമീകരിച്ചതിന്റെയും വാർഷിക ധനകാര്യ പത്രികയിൽ ഏതു ഹെഡിൽ വരവായി ഉൾപ്പെടുത്തി എന്നതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഒടുക്കുവരുത്തിയിട്ടില്ല

തനത് ഫണ്ട് അക്കൗണ്ടിന്റെ ( കാനറാ ബാങ്ക് അക്കൗണ്ട് നം 110035166323) മാർച്ച് 2022 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം രണ്ടു ചെക്കുകൾ ഇഷ്യു ചെയ്തിട്ടുണ്ടെങ്കിലും തുക ബാങ്കിൽ നിന്നും പിൻവലിച്ചിട്ടില്ല.

ചെക്കുകളുടെ വിശദാംശം ചുവടെ

| ക്രമ നം | ചെക്ക് നം , തീയതി | തുക | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 653984/08.02.2022 | 40552 | Rs 3622/- LIC Subscription Of Staff<br>Rs 36930/- ജീവനക്കാരുടെ ആദായനികുതി |
| 2 | 653983/08.02.2022 | 32913 | Rs 30110/- വൈദ്യുതി ചാർജ്<br>Rs2803/-ഓഫീസിന്റെ ടെലഫോൺ ചാർജ് |
| | ആകെ | 73465/- | |

പട്ടികയിൽ പരാമർശിച്ച ഇനങ്ങളുടെ ILGMS പേയ്മെന്റ് വൌച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നുവെങ്കിലും തുക ചെലവുചെയ്തതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. ക്രമ നം (1) പ്രകാരം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ആദായനികുതി, എൽ.ഐ.സി കോൺട്രിബ്യൂഷൻ എന്നീയിനങ്ങളിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ അതാത് അക്കൌണ്ടുകളിൽ ഒടുക്കിയശേഷം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 12/ 09.12.2022)

## 1-15 പഞ്ചായത്തിന് ലഭ്യമായ ജി.എസ്.ടി തുക സർക്കാരിലേയ്ക്ക് ഒടുക്കാതെ സ്വകാര്യ ഏജൻസിയ്ക്ക് നൽകി - രേഖകൾ ലഭ്യമല്ല- 2,29,708/- രൂപ തടസ്സപ്പെടുത്തുന്നു. പിഴയിനത്തിൽ ഒടുക്കിയ 4550/- രൂപ നിരാകരിക്കുന്നു

പഞ്ചായത്തിലെ ജി.എസ്.ടി, സി.ജി.എസ്.ടി എന്നിവയിലെ ഒടുക്കുവരുത്തലിൽ ഗുരുതരമായ നിരുത്തരവാദിത്തം ശ്രദ്ധയിൽപ്പെട്ടു.

(എ) സർക്കുലർ നം 18/2019/ധന തീയതി 01.03.2019 (ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്സ്-ബി) ഡിപ്പാർട്ട്മെന്റ് ക്രമനം 13 പ്രകാരം ജി.എസ്.ടി ആക്ടിൽ പരാമർശിച്ചിരിക്കുന്ന നികുതികൾ കിഴിവുവരുത്തിയമാസം അവസാനിച്ച് 10ദിവസത്തിനകം സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും 20-ാം തീയതിയ്ക്കും റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതുമാണ്. എന്നാൽ GST,CGST ലെഡ്ജറുകൾ പ്രകാരം എല്ലാ മാസവും ജി.എസ്.ടി, സി.ജി.എസ്.ടിയിനങ്ങളിൽ വരവുണ്ടെങ്കിലും യഥാസമയം തുക സർക്കാരിലേയ്ക്ക് അടവാക്കുന്നില്ല.

(ബി) നികുതിയിനത്തിലെ തുകകൾ ചെലാൻ മുഖേന പഞ്ചായത്ത് സർക്കാരിലേയ്ക്ക് നേരിട്ട് ഒടുക്കേണ്ടതാണെന്നിരിക്കെ, വിവിധ ചെക്കുകൾ മുഖേന 2,29,708/- രൂപ (ജി.എസ്.ടി ഒടുക്കൽ, ഫയലിംഗ് എന്നാണ് ഇതുമായി ബന്ധപ്പെട്ട ILGMS ഫയലുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്) തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ദേവികാ അസോസിയേറ്റ്സ് എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകിയിരിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം ജി.എസ്.ടി ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല. നൽകിയ തുകയ്ക്കുള്ള കൈപ്പറ്റ് രസീത് സ്ഥാപനത്തിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല.

(സി) ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് (GST, CGST), ഒടുക്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ് | ഒടുക്ക് | നീക്കിയിരിപ്പ് |
|---|---|---|---|
| 119660 | 168145 | രേഖപ്പെടുത്തിയിട്ടില്ല | 286992 |

2021-22 വർഷം ജി.എസ്.ടി, സി.ജി.എസ്.ടി വരവിനങ്ങളിൽ ധനകാര്യപത്രിക പ്രകാരം ലഭ്യമായ തുക 1,68,145/- രൂപയാണെന്നിരിക്കെ 2,29,708/- രൂപയാണ് ദേവികാ അസോസിയേറ്റ്സിന് നൽകിയിരിക്കുന്നത്. ആയതിനുള്ള കാരണം വ്യക്തമല്ല. ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് 229708/- രൂപ ദേവിക അസോസിയേറ്റ്സിന് നൽകിയതെന്ന് വ്യക്തമാക്കേണ്ടതും ഇതിൽ GST തുക (ഏതിനങ്ങളിൽ എന്നതുൾപ്പെടെ) സ്ഥാപനത്തിന് നൽകുന്ന ഫീസ്/ പ്രോസസിംഗ് ചാർജ്ജ് എത്ര, ഫൈൻ തുക എത്ര എന്നത് കൃത്യമായി തരംതിരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

(ഡി) 2021-22 വർഷം തനത് ഫണ്ടിൽ നിന്നും ദേവികാ അസോസിയേറ്റ്സിന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക നൽകിയ സ്ഥാപനം | തുക | ചെക്ക് നം , തീയതി | ILGMS വൗച്ചർ നം ,തീയതി |
|---|---|---|---|---|
| 1 | ദേവികാ അസോസിയേറ്റ്സ് (അക്കൗണ്ട് നം 67100572568/ | 126934/- | 023690/16.04.21<br>Kerala Gramin Bank | 22100115/30.04.21 |
| 2 | | 74362/- | 25985/8.12.21 | 22101015/16.12.21 |

| | | | | |
|---|---|---|---|---|
| 3 | SBIN0070042) | 7832/- | 25746/22.11.21 Rs. 7832/- | 22100925/28.11.21 |
| 4 | | 3624/- | 26232/11.01.22 | 220520199/- |
| 5 | | 8136/- | 827188/11.03.22 കാനറാ ബാങ്ക് | 22101456/27.03.22 |
| 6 | | 8820/- | 653988/08.02.2022 കാനറാ ബാങ്ക് | 22101185/15.02.22 |
| ആകെ | | 2,29,708/- | | |

തുക സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം 2021-22 വർഷം 1,14,420/-രൂപ ഒടുക്കിയതിന്റെ Payment Receiptകളാണ് ലഭ്യമാക്കിയത്. 1,15,288/- രൂപ കുറവായാണ് ഒടുക്കുവരുത്തിയിരിക്കുന്നത്. എന്നാൽ ലഭ്യമാക്കിയ റിട്ടേൺ സ്റ്റേറ്റ്മെന്റുകളിൽ (GSTR 3B) പ്രസ്തുത തുകയുടെ ഒടുക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ/വരവു വച്ചിട്ടില്ലാത്തതിനാൽ , 2021-22 വർഷം നൽകിയ തുകയിൽ എത്ര തുക യഥാർത്ഥ ശീർഷത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ടെന്നതിന് വ്യക്തതയില്ല. GST യിലെ ഒടുക്കു വിവരങ്ങൾ ലഭ്യമാക്കാത്ത 115288/- രൂപയുടെ വിശദാംശങ്ങൾ ഒരു മാസത്തിനകം ലഭ്യമാക്കാത്തപക്ഷം പ്രസ്തുത തുക ഓഡിറ്റ് നിരാകരിക്കുന്നതും നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതുമാണ്.

ജി.എസ്.ടി റിട്ടേൺ ഫോം ( GSTR 3B) പ്രകാരം (ഏപ്രിൽ 2021മുതൽ മാർച്ച് 2022 വരെ) ഓഡിറ്റ് വർഷത്തെ ആകെ ടാക്സ് ലയബിലിറ്റി (GST, CGST) ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,52,074/- രൂപയാണ്. ആയതിൽ 1,56,136/-രൂപ ഇൻപുട്ട് ടാക്സ് ഇനത്തിൽ രൂപ ക്രമീകരിക്കുകയും പണമായി 3,218/- രൂപ ഒടുക്കുവരുത്തിയിരിക്കുകയും ചെയ്തിട്ടുണ്ട്. 3,218/- രൂപമാത്രമാണ് പണമായി ഒടുക്കിയതെന്നിരിക്കെ 2,29,708/- രൂപ ദേവികാ അസോസിയേറ്റ്സിന് നൽകിയതിന്റെ കാരണം വ്യക്തമല്ല.

റിട്ടേൺ ഫോം പ്രകാരം 2021-22 വർഷം പിഴയിനത്തിൽ 4,550/- രൂപ പണമായി ഒടുക്കു വരുത്തിയിട്ടുണ്ട്. പിഴയിനത്തിൽ ഒടുക്കുവരുത്തിയ തുക തനത് ഫണ്ടിൽ നിന്നും നൽകിയത് അംഗീകരിക്കുന്നില്ല. 4,550/- രൂപ തനത്ഫണ്ടിൽ തിരികെ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സർക്കാരിലേയ്ക്ക് ഒടുക്കേണ്ട നികുതി സ്വകാര്യസ്ഥാപനത്തിന് നൽകിയതും തുകയുടെ ഒടുക്ക് ഉറപ്പുവരുത്താത്തതും പൊതുപണത്തിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.

തുകയുടെ ഒടുക്കുവരുത്തൽ ഉറപ്പുവരുത്താനാകാത്തതിനാൽ 2,29,708/- രൂപ തടസ്സപ്പെടുത്തുന്നു. പഞ്ചായത്തിന്/സർക്കാരിന് നഷ്ടമായ തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതും സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി പുതുക്കിയ ജി.എസ്.ടി റിട്ടേൺ സ്റ്റേറ്റ്മെന്റുകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

മുൻവർഷങ്ങളിലും ഇപ്രകാരം ജി.എസ്.ടി വരവ് തുക ദേവികാ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ എന്ന വിഷയം പരിശോധിക്കേണ്ടതും തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ ആവശ്യപ്പെടേണ്ടതും അപാകതകളുണ്ടെങ്കിൽപരിഹരിക്കേണ്ടതുമാണ്.

വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ഭരണതലത്തിൽ തുടരന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## 1-16 ജി.എസ്.ടി (ടി.ഡി.എസ് ) രജിസ്ട്രേഷൻ എടുത്തിട്ടില്ല

സ.ഉ അച്ചടി നം 87/2017 തീയതി 01.11.2017 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടം 25-ാം വകുപ്പ് പ്രകാരം ജി എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം B1/157/2017/Taxes തീയതി 24.10.2017, 8/9/2020 ലെ സർക്കുലർ എന്നിവ പ്രകാരം എല്ലാ ഡി.ഡി.ഒ മാരും ജി.എസ്.ടി ടി.ഡി.എസ് രജിസ്ട്രേഷനും എടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ പഞ്ചായത്തിൽ ടാക്സ് പേയർ എന്ന നിലയിൽ സെക്രട്ടറിയുടെ പേരിൽ ജി.എസ്.ടി ജനറൽ രജിസ്ട്രേഷൻ മാത്രമേ എടുത്തിട്ടുള്ളൂ. (നം 32AAGC1460R1ZG) ജി.എസ്.ടി, ടി ഡി എസ് ഡിഡക്ടർ എന്ന നിലയിലുള്ള ജി എസ് ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല. രജിസ്ട്രേഷൻ എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്ട്രേഷൻ എടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ , തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച വിവരങ്ങൾ വീൽസ് സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 17/ 14.12.2022) നിലവിൽ ടെക്നിക്കൽ എറർ കാരണം രജിസ്ട്രേഷൻ സാധിക്കുന്നില്ലായെന്നും സാങ്കേതിക പ്രശ്നം പരിഹരിച്ച് വാഹനത്തിന്റെ Details രജിസ്റ്റർ ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തു നിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിലൊരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.7/ 12.12.2022). ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 കെ.എസ്.ഇ.ബി യ്ക്ക് പുതിയ കെട്ടിടനിർമാണത്തിനായി പഞ്ചായത്ത് ഭൂമി വിട്ടുനൽകുന്ന ഭരണസമിതി തീരുമാനം- തുടർനടപടികൾ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ 06/07/2021ലെ 6-ാം നമ്പർ തീരുമാന പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ നിലവിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള ബ്ലോക്ക് നം.43 റീസർവ്വേ നം 110/1 ൽ ഉൾപ്പെട്ട വസ്തുവിൽ നിന്നും 10 സെൻറ് ഭൂമി KSEB ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി വിട്ട് നൽകുവാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തെ സാധൂകരിക്കുന്ന സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

താലൂക്ക് സർവെയർ മുഖേന സ്ഥലം അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 6/12.12.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ട് വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സ്റ്റാറ്റസ് റിപ്പോർട്ട് കൃത്യത പുലർത്തുന്നില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാന വിവരങ്ങളും മുൻവർഷങ്ങൾ വരെ നേടിയ പുരോഗതിയും നേട്ടങ്ങളും വിവരിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്താറുണ്ട്. അപ്രകാരം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളുന്ന വിവരശേഖരണം കൃത്യത പുലർത്തുന്നില്ലായെന്ന് കണ്ടെത്തി. ഗ്രാമപഞ്ചായത്ത് 13-ാം പഞ്ചവത്സര പദ്ധതിയ്ക്കായി (2017-22)തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്-2021-22 ( 1.1.19)പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികളുടെ എണ്ണം 19 -ഉം കുടുംബങ്ങൾ 15- ഉം

ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ICDS സൂപ്പർവൈസർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി(സ്നേഹസ്പർശം )നൽകിയ ഗുണഭോക്തൃലിസ്റ്റിൽ 79 ഗുണഭോക്താക്കൾ ഉൾപ്പെടുന്നതായും ആയത് പ്രകാരം 78 വിദ്യാർത്ഥികൾക്ക് 2223000/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സ്റ്റാറ്റസ് റിപ്പോർട്ടിലെ എണ്ണവും ഗുണഭോക്തൃലിസ്റ്റിലെ എണ്ണവും തമ്മിൽ പ്രകടമായ വ്യത്യാസം സംഭവിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാൻ അന്വേഷണക്കുറിപ്പ് 31/22 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാന വിവരങ്ങളും മുൻവർഷങ്ങൾ വരെ നേടിയ പുരോഗതിയും നേട്ടങ്ങളും, തുടർ ആവശ്യങ്ങളും വിവരിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണസമിതിയും ശ്രദ്ധ നൽകേണ്ടതാണ്.

## 1-21 ഹഡ്കോ എസ്.സി.പി ഫണ്ടിനത്തിൽ ലോൺ ലഭ്യമായിട്ടില്ല- തിരിച്ചടവിനത്തിൽ (ജി.ഒ പ്രോജക്ട് ) തുക കുറവ് ചെയ്ത് സർക്കാർ ഫണ്ട് ലഭ്യമായി.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഹഡ്കോ ലോൺ രജിസ്റ്റർ പ്രകാരം ലൈഫ് മിഷൻ വായ്പ (എസ്.സി.പി) ഫണ്ടിനത്തിൽ നാളിതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വിഹിതത്തിൽ നിന്നും വായ്പ (എസ്.സി.പി) തിരിച്ചടവിനത്തിൽ 3,96,001 /-രൂപ കുറവുവരുത്തിയാണ് 2021-22 വർഷം എസ്.സി.പി ഫണ്ട് സർക്കാർ ലഭ്യമാക്കിയിരിക്കുന്നത് . (വികസനഫണ്ട് എസ്.സി.പി യുടെ എ.സി .ആർ പ്രകാരം).

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം (വർഷം 2020-2021, ഖണ്ഡിക 1.18) ഉണ്ടായിരുന്നുവെങ്കിലും അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായോ കുറവായി ലഭിച്ച തുക സർക്കാർ അനുവദിച്ചതായോ ഉള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യസ്ററാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട്- സർക്കാർ ഉത്തരവിന് വിരുദ്ധം

പ്രോജക്ട് നം, പേര് -239/22ജനകീയ ഹോട്ടൽ റിവോൾവിംഗ് ഫണ്ട്

അടങ്കൽ - 50,000 (ധനകാര്യകമ്മിഷൻ അവാർഡ് )

ചെലവ് - 50,000 (264/15.01.2022 ACR /CFC Untied Basic Grant )

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

2020-21 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടിയുടെ മാർഗരേഖ അംഗീകരിച്ച് സ.ഉ(കൈ) നം 45/2020ത.സ്വ.ഭ.വ തീയതി 06.03.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന് കീഴിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. മേൽ സർക്കാർ ഉത്തരവിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് മാത്രമേ റിവോൾവിംഗ് ഫണ്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുള്ളു . ഇതിനുവിരുദ്ധമായി പ്രോജക്ട് പ്രകാരം 50,000/- രൂപ റിവോൾവിംഗ് ഫണ്ടായി കരുണ ജനകീയ ഹോട്ടലിന് നൽകിയിരിക്കുന്നു( നൽകിയ തുക ഗഡുക്കളായി പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്) . സ.ഉ(സാധാ) നം 986/2021 തസ്വഭവ തീയതി 11.05.2021 സർക്കാർ ഉത്തരവിൽ കമ്മ്യൂണിറ്റി കിച്ചനുറിവോൾവിംഗ് ഫണ്ട് നൽകുന്നവിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും ചെങ്കൽ പഞ്ചായത്തിൽ 2021-22 വർഷം കമ്യൂണിറ്റി കിച്ചൺ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പ്രോജക്ട് നിർവഹണം നടത്തിയിരിക്കുന്നത്.

2021-22 കാലഘട്ടത്തിൽ കമ്യൂണിറ്റി കിച്ചൺ അവസാനിക്കപ്പെട്ടതിനാൽ അതേ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി രൂപീകരിക്കപ്പെട്ട ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് തിരികെ ഒടുക്കിക്കൊള്ളാം എന്ന വ്യവസ്ഥയിൽ തുക കൈമാറിയത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 2/ 09.12.2022) മറുപടി ലഭ്യമാക്കിയത് .

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങളനുസരിച്ചുകൊണ്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ ആധികാരിക രേഖകളില്ല- 81,583/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം 216/22 – ( സ്പിൽ ഓവർ)

ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ( ടെലിവിഷൻ പ്രൊജക്ടർ, പ്രിന്റർ തുടങ്ങിയവ )

അടങ്കൽ - 384412 ( സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ് - 81583 ( ചെക്ക് നം 827185/10.03.2022 Rs 39797/-

ചെക്ക് നം 587407/25.03.22 Rs 23857/-

ചെക്ക് നം 587416/30.03.22 Rs 17929/- )

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിലേയ്ക്ക് കംപ്യൂട്ടർ, പ്രിന്റർ, ടെലിവിഷൻ എന്നിവ വാങ്ങുന്നതിനായി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നൽകിയ തുക | തുക നൽകിയ സ്ഥാപനം | ചെലവിനം | ഇൻവോയിസ് നം |
|---|---|---|---|---|
| 1 | 39797 | കെൽട്രോൺ | ഡെസ്ക്ടോപ്പ് കംപ്യൂട്ടർ | 34373/02.02.22 |
| 2 | 23857 | എലൈറ്റ് ട്രേഡിംഗ് കമ്പനി, ന്യൂഡൽഹി | എൽ ജി സ്മാർട്ട് ടി വി | ETC/0447/21-22 Dated 25.02.22 |
| 3 | 17929 | കെൽട്രോൺ | മോണോക്രോം പ്രിന്റർ | TVM/ITBG/PI/RM /1070/21-22 Dated 21.03.2022 |
| Total | 81583/- | | | |

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കാഷ് ഇൻവോയിസുകളെ അടിസ്ഥാനമാക്കിയാണ് തുക നൽകിയിരിക്കുന്നത്. ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്ന വേളയിൽ നൽകേണ്ട കാഷ് ബില്ലുകൾ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഡെസ്ക്ടോപ്പ് കംപ്യൂട്ടർ,മോണോക്രോം പ്രിന്റർ എന്നിവയുടെ ഇൻവോയിസ് പ്രകാരമുള്ള തുക കെൽട്രോണിന്റെ 2 അക്കൗണ്ടുകളിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്ത് നൽകിയിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടുകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

* അക്കൗണ്ട് നം 30367948080 SBIN00043502,

* അക്കൗണ്ട് നം Treasury 799011400003959) .

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2/ 09.12.2022 ) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 81,583/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 മെഡിക്കൽ ഓഫീസറുടെ പദ്ധതികൾ - അപാകതകൾ

പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള 4 പദ്ധതികളാണ് 2021 –22 ൽ നടപ്പിലാക്കിയിട്ടുള്ളത്. ആകെ അടങ്കൽ തുക 2874000/- രൂപയും ആകെ ചെലവായ തുക 2209558/- രൂപയുമാണ്. ഇതിൽ ഒരു പ്രോജക്ട് സാന്ത്വന പരിപാലനത്തിനും 3 പ്രോജക്ട് താൽക്കാലിക ജീവനക്കാർക്കുള്ള വേതനവും ഓണറേറിയവും നൽകുന്നതിലേയ്ക്കുമാണ്. സാന്ത്വനപരിപാലനം പദ്ധതിയിൽ നിന്ന് 571079/- രൂപയ്ക്കാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. മരുന്ന് വാങ്ങലിനായി പ്രത്യകം പദ്ധതി വച്ചിട്ടില്ല. വകുപ്പിൽ നിന്ന് മരുന്ന് ലഭ്യമായിട്ടുമില്ല. ആകെ അടങ്കൽ തുകയിൽ ബാക്കി 1638479/- രൂപയും താൽക്കാലിക ജീവനക്കാർക്ക് വേതനവും ഓണറേറിയവും നൽകിയ ഇനത്തിലാണ്.

പി.എച്ച്.സി. യിലെ ഐ.പി വാർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഒരു സെക്യൂരിറ്റിയും മൂന്ന് ക്ലീനിംഗ് സ്റ്റാഫ് ഉൾപ്പെടെ നാല് താൽക്കാലിക ജീവനക്കാരെ നിയമിച്ചത്. എന്നാൽ ഐ.പി വാർഡ് നിർത്തലാക്കിയതിനുശേഷം ഐ.പി.താൽക്കാലിക ജീവനക്കാർക്ക് ഓണറേറിയം എന്ന പേരിൽ രൂപികരിച്ച പ്രോജക്ടിൽ നിന്നും പ്രോജക്ട് റിവിഷൻ സമയത്ത് പ്രോജക്ടിന്റെ പേര് മാറ്റി എഫ്.എച്ച്.സി. യിലെ താൽക്കാലിക ജീവനക്കാർക്കുള്ള വേതനം എന്ന് മാറ്റി ഈ നാല് ജീവനക്കാരെയും നിലനിർത്തുകയും ഇവരുടെ ഓണറേറിയം ഇനത്തിൽ 493600/- രൂപയും ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ ഇത്തരം അനാവശ്യ ചെലവുകൾ ഒഴിവാക്കി ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റിയോട് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-25 ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം വേഗത്തിലാക്കണം

എല്ലാവർക്കും ഭവനം എന്ന സ്വപ്നം പൂർത്തീകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിപ്രകാരം ഭവനനിർമ്മാണം പൂർത്തികരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്തം തദ്ദേശ സ്ഥാപനത്തിനാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ നഷ്ടപ്പെടാനും അത് വഴി തദ്ദേശ സ്ഥാപനത്തിന് ധനനഷ്ടം സംഭവിക്കാനും സാധ്യതയുണ്ട്. 2018-ൽ നിർവഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റിയ ശേഷം നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ആരാഞ്ഞ് നൽകിയ അന്വേഷണക്കുറിപ്പ് 18/22 -ന് ലഭ്യമാക്കിയ മറുപടിയിൽ കമലാസനൻ നായർ/ബെർലിൻജെറ്റ് എന്ന ഗുണഭോക്താവിന് 13- 11-2018-ൽ 40000/-രൂപ ആദ്യ ഗഡുവായി നൽകിയതായും മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്നും അറിയിച്ചു. പഞ്ചായത്ത് തലത്തിൽ പ്രസ്തുത ഭവനം പൂർത്തീകരിക്കുന്നതിന് നടപടി സ്ഥീകരിക്കേണ്ടതും, ആയതിന് തയ്യാറാവുന്നില്ലായെങ്കിൽ കരാർ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് നിർവണോദ്യോഗസ്ഥൻ സെക്രട്ടറി മുഖാന്തിരം നടപടി സ്വീകരിക്കേണ്ടതും, തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.500000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ | 127/21 |
| പദ്ധതിയുടെ പേര് | വയോമിത്രം |
| അടങ്കൽ തുക | 500000/(സാധാരണ വിഹിതം) |
| ചെലവ് തുക | 500000/ |
| ബിൽ നമ്പർ | 73-ാം നമ്പർ യു.റ്റി.ആർ ബില്ല് |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

നമ്പർ വയോമിത്രം എന്ന പദ്ധതിയുടെ നിർവഹണത്തിനായി Kerala State Social Security Mission-ന് 13-7-2021-ലെ 73-ാം നമ്പർ യു.റ്റി.ആർ ബില്ല് പ്രകാരം തുക 500000/-രൂപ കൈമാറി. ഇപ്രകാരം കൈമാറി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 18/2022-ന് നൽകിയ മറുപടിയിൽ പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥനായ സി.ഡി.പി.ഒ. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലായെന്ന് അറിയിച്ചു. ലഭിച്ചാൽ ആയത് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തിനാൽ പദ്ധതിയ്ക്കായി നൽകിയ 500000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-27 ലൈഫ് ഗുണഭോക്താവിന് തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനം പൂർത്തീകരിക്കുന്നതിനായി ഗുണഭോക്താവിന് 400000/-രൂപ വീടിന്റെ നിർമ്മാണഘട്ടങ്ങൾ അനുസരിച്ച് നൽകുന്നു. പ്രസ്തുത തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിയെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ രേഖകളുടെ പരിശോധനയിൽ ലൈഫ് ഗുണഭോക്താവായ ശ്രീമതി.വത്സല മാതട്ടുവിള വീട് എന്ന ഗുണഭോക്താവിന് 40000/-രൂപ അക്കൗണ്ടിൽ ലഭിച്ചിട്ടില്ലായെന്ന് വ്യക്തമായി. തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 18/2022- ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താവിന് 280000/-രൂപ നൽകിയിരുന്നതായും 14-7-2021-ൽ ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകുവാനുള്ള 40000/- രൂപ സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയപ്പോൾ തുക പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലായെന്നും, എന്നാൽ സാംഖ്യായിൽ UTR നമ്പർ ലഭിച്ചുവെന്നും, തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരികെ പോയതായും അറിയിച്ചു. സിൻഡിക്കേറ്റ് ബാങ്ക് കാനറാ ബാങ്കിൽ ലയിച്ചപ്പോൾ IFC കോഡ് മാറിപ്പോയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ട്രഷറിയിൽ അന്വേഷണം നടത്തിയതിൽ നിന്നും അറിയാൻ സാധിച്ചുവെന്നും അറിയിച്ചു. ഗുണഭോക്താവിന് ഭവനം പൂർത്തീകരിക്കുന്നതിന് പ്രസ്തുത തുക ലഭിക്കേണ്ടത് അനിവാര്യം ആയതിനാൽ നാളിതുവരെ നൽകിയ തുകയുടെ രേഖകൾ പരിശോധിച്ച് പ്രസ്തുത തുക ഗുണഭോക്താവിന് ലഭിക്കേണ്ടതാണെങ്കിൽ വിവരം പഞ്ചായത്ത് ഭരണസമിതിയെ രേഖാമൂലം അറിയിച്ച് വിവരം സർക്കാരിൽ സമർപ്പിച്ച് തുക ഗുണഭോക്താവിന് തിരികെ ലഭ്യമാകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-28 വീട് വാസയോഗ്യമാക്കൽ-അർഹതാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനായി 65/21-നമ്പർ വീട് വാസയോഗ്യമാക്കൽ (SCP)പദ്ധതി പ്രകാരം അടങ്കൽ തുക- 2083000/- രൂപ വകയിരുത്തി – 1700000/-രൂപ ചെലവ് ചെയ്തും (ഗുണഭോക്താക്കൾക്ക് 100000/- വീതം) പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന ഭവനം വാസയോഗ്യമല്ലാത്തതും, 8 വർഷത്തിലധികം കാലപ്പഴക്കം ഉണ്ടായിരിക്കേണ്ടതുമാണ്. കരാർ ചമയ്ക്കുമ്പോൾ 50000/-രൂപയും പൂർത്തിയാകുമ്പോൾ 50000/- രൂപയും നൽകുന്ന വിധമാണ് പദ്ധതി നടപ്പിലാക്കിയത്. എന്നാൽ പദ്ധതിപ്രകാരം സഹായം ലഭിച്ചവരുടെ അപേക്ഷകളും മറ്റ് അുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ്,വീട് നമ്പർ | ബിൽ നമ്പർ | തുക | അപാകത |
|---|---|---|---|
| ശരണ്യ.എസ്. (പിതാവ്-പുഷ്പരാജ്) 4/120 | 374, 3-3-22<br>427, 25-3-22 | 50000/-<br>50000/- | വീട് ഫ്രാൻസിസ് എന്നയാളുടെ പേരിൽ. ബന്ധം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല. |
| സരിത 19/714 | 282, 25-1-22<br>397, 15-3-22 | 50000/-<br>50000/- | 103.60m$^2$ വിസ്തീർണ്ണമുള്ള വീടിന് സഞ്ചയപ്രകാരം നികുതി ഡിമാൻഡ് 2017മുതൽ. സെക്രട്ടറിയുടെ സാക്ഷ്യപത്രം ഇല്ല. |
| സുഗത 5/749 | 429 ,25-3-22 | 50000/- | സഞ്ചയയിലെ പെർമിറ്റ് നമ്പർ (114/2015,27-3-2015)പ്രകാരം കാലപ്പഴക്കം 8വർഷം ഇല്ല. സെക്രട്ടറിയുടെ സാക്ഷ്യപത്രം ഇല്ല. |

പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും,അനുബന്ധരേഖകളും പരിശോധിച്ചതിൽ വീട് വാസയോഗ്യമല്ലായെന്ന് ഉദ്യോഗതലത്തിൽ സാക്ഷ്യപ്പെടുത്താതെയും, വീടുകളുടെ അടിസ്ഥാനവിവരങ്ങൾ ശരിയായി പരിശോധിച്ച് ഉറപ്പുവരുത്താതെയുമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്.അപാകങ്ങൾ വിവരിച്ച് നൽകിയ അന്വേഷണകുറിപ്പ് 19/22 – ന് നൽകിയ മറുപടിയിൽ നേരിട്ടുള്ള പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയതിനാലാണ് തുക അനുവദിച്ചതെന്നും, കാലപ്പഴക്കസാക്ഷ്യപത്രങ്ങൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. വീട് വാസയോഗ്യമാക്കൽ പദ്ധതിപ്രകാരം ധനസഹായം നൽകുമ്പോൾ വീടുകളുടെ നിലവിലെ ഭൗതിക അവസ്ഥ പരിശോധിച്ചും, വീട് ഗുണഭോക്താവിന്റേതല്ലായെങ്കിൽ (കുടുംബാഗത്തിന്റെ)സമ്മതപത്രം വാങ്ങി സൂക്ഷിക്കാനും, ഭവനങ്ങൾക്ക് 8 വർഷത്തിലധികം കാലപ്പഴക്കം ഉണ്ടെന്ന് തെളിയിക്കുന്ന നിയമാനുസൃത സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നവർക്ക് മാത്രം തുക അനുവദിക്കാനും നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധപ്രവർത്തനം - പ്ലാൻഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചു.

2021-22 വർഷത്തെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് 26-4-21-ലെ സ.ഉ.(സാധാ)നം.911/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ചെലവായ തുകയായി കാണിച്ച് 2100968/-രൂപ 137/21നമ്പർ പദ്ധതി പ്രകാരം പ്ലാൻഫണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട് . എന്നാൽ കോവിഡ് മാനേജ്മെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം തനത് ഫണ്ടിൽ നിന്നുമുള്ള തൻവർഷ കോവിഡ്പ്രതിരോധ ചെലവ് 1637428/-രൂപ മാത്രമാണ്. തനത് ഫണ്ടിൽ നിന്നും യഥാർത്ഥത്തിൽ ചെലവായ തുകയെക്കാൾ 463540/-രൂപ അധികമായി പദ്ധതി പണം വകമാറ്റിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 49/22-ന് മറുപടി ലഭ്യമാക്കായിട്ടില്ല. പ്ലാൻ ഫണ്ടിൽ നിന്നും അധികമായി തുക പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികച്ചെലവായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-30 വിനിയോഗസാക്ഷ്യപത്രങ്ങളും,ഫൈനൽബില്ലുകളും ഹാജരാക്കിയില്ല.1954494/-തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തിൽ സെക്രട്ടറി വിവിധ പദ്ധതികളുടെ നിർവഹണത്തിനായി ചുവടെ വിവരിക്കും പ്രകാരം വിവിധ ഏജൻസികൾക്ക് തുക നൽകി. എന്നാൽ പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചതിന്റെ ഫൈനൽ ബില്ലോ, വിനിയോഗസാക്ഷ്യപത്രങ്ങളോ അന്വേഷണകുറിപ്പ് 16/22 പ്രകാരം ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽതുക | ചെലവ് തുക | ബിൽ നമ്പർ, തിയതി | അപാകത |
|---|---|---|---|---|
| 146/21 ആവണക്കിൽവിള ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് | 100000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 100000/- | 146, 25/10/21 | വാട്ടർഅതോറിറ്റിയുടെ ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. |
| 233/21 1-ാം വാർഡ് ടൈൽ ഫാക്ടറി മുതൽ താമരവിള വരെ പൈപ്പ് സ്ഥാപിക്കൽ | 50000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22359/- | 148. 27/10/21 | വാട്ടർഅതോറിറ്റിയുടെ ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. |
| 34/22 ആസൂത്രണ സമിതിയ്ക്ക് സെക്രട്ടറിയേറ്റ് നിർമ്മാണം -വിഹിതം നൽകൽ | 100000/-പൊതു | 100000/- | 55, 29-6-21 | STSB ACNO-70101140000346-ൽ നൽകി.ആസൂത്രണ സമിതിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 358/21 ഉറുൻകളങ്ങര സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 184000/-SCP | 88334/- | 391, 14-3-22 | K.s.e.bയുടെ ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. |
| 1/21 SSAവിഹിതം നൽകൽ | 900000/-പൊതു. | 900000/- | 67, 13-7-21 | SSA-യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 223/21പോസ്റ്റ് മാറ്റൽ | 443515(99214-പൊതു,343801-ധനകാര്യ) | 343801/- | 163,6-11-21- 85671/- 268,18-1-22-34243/- 434,26-3-22-223887/- | K.s.e.bയുടെ ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. |
| 236/21 .148-ാം നമ്പർ അങ്കണവാടിയ്ക്ക് തുക നൽകൽ | 400000/-ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 400000/- | 138, 21-10-21 | MGNREGS-STATE MISSION-ന് നൽകി.(അങ്കണവാടി സൈഡ് വാൾ ,അങ്കണവാടി നിർമ്മാണം) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| | | 1954494/- | | |

മേൽ വിവരിച്ച പദ്ധതികൾക്കായി നൽകിയ 1954494/രൂപ തടസ്സപ്പെടുത്തുന്നു. തുക തടസ്സപ്പെടുത്താൻ കാരണമായ വിനിയോഗസാക്ഷ്യപത്രങ്ങളും, ഫൈനൽബില്ലുകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 മസ്റ്റർറോളുകളിൽ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ തുക നൽകി.89790/- രൂപ

തടസ്സപ്പെടുത്തുന്നു.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗിച്ച ആബുലൻസിന്റെ ഡ്രൈവർമാരായ അജിത്ത് കുമാർ,നിഥിൻ എന്നിവർക്ക് 11/21,12/21 എന്നീ മാസങ്ങളിലെ ശമ്പളയിനത്തിൽ തുക നൽകി. എന്നാൽ പ്രസ്തുത ശമ്പളം നൽകുന്നതിന് ആധാരമായ മസ്റ്റർ റോളുകളിൽ 20-10-2021-ലെ 22100811-നമ്പർ വൗച്ചറിൽ പ്രസിഡന്റ് അല്ലാതെ ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൌച്ചർ നമ്പർ | പേമെന്റ് ഓർഡർ | തുക | ഡ്രൈവറുടെ പേര് |
|---|---|---|---|
| 22101069, 11-11-2022 | 62140026501051 | 22630 | അജിത് കുമാർ |
| 22101112,14-01-22 | 62140026501052 | 22630 | നിതിൻ |
| 22100993-11-12-2021 | 62140026500953 | 22630 | നിതിൻ |
| 22100811-20-10-2021 | 62140026500747 | 21900 | അജിത്ത് കുമാർ |
| ആകെ | | 89790/- | |

ഇപ്രകാരം തുക നൽകിയതിനുള്ള മസ്റ്റർ റോളുകളിൽ ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 42/22 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമവിരുദ്ധമായി നൽകിയ 89790/- രൂപ തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം വ്യക്തമായ മറുപടി ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണ്.

## 1-32 കാർഷികമേഖലയിലെ പദ്ധതിനടത്തിപ്പിൽ ജാഗ്രത പുലർത്തേണ്ടതാണ്.

ഗ്രോ ബാഗിലുള്ള പച്ചക്കറി കൃഷി -ലക്ഷ്യം കൈവരിച്ചില്ല.

ഡയറക്ടേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്‌മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ 19-1-2021-ലെ ADFW/474/2020 ഉത്തരവ് പ്രകാരം ഒരു ഗ്രോബാഗ് യൂണിറ്റിൽ 25 എണ്ണം ഉൾപ്പെടേണ്ടതും.ഒരു യൂണിറ്റിന് 2000/-രൂപ വില കണക്കാക്കി 75% തുക സബ്സിഡിയും 25% തുക ഗുണഭോക്താവ് വഹിക്കേണ്ടതും , ഗ്രോബാഗിന് 40 Cm X24 Cm X24 Cm അളവും അതിൽ 10കിലോ മുതൽ 13 കിലോ വരെ ജൈവ വളവും അടങ്ങിയിരിക്കേണ്ടതുമാണ്. കൂടാതെ ഗ്രോ ബാഗ് നൽകുന്നതിന് മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ, വിതരണം ചെയ്യുന്ന ഏജൻസി, നിർവഹണോദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും, ഗുണനിലവാര റിപ്പോർട്ട്, ഫോട്ടോ എന്നിവ സൂക്ഷിക്കേണ്ടതുമാണ്. കൃഷി രീതി, ഗ്രോ ബാഗിന്റെ പരിപാലനം എന്നിവയെകുറിച്ചുള്ള ലഘുലേഖകളും ക്ലാസ്സുകളും കൃഷിക്കാർക്ക് നൽകേണ്ടതുമാണ്. കൃഷിഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കുന്ന പ്രസ്തുത പ്രോജക്ടിന് മേൽവിവരിച്ച നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കിയ പദ്ധതിയിൽ കൃഷി വകുപ്പ് നിഷ്കർഷിക്കുന്ന യാതൊരു നടപടിക്രമവും പാലിച്ചിട്ടില്ല. ഗ്രോബാഗുകൾ നിശ്ചിത ഗുണനിലവാരത്തിലുള്ളവയാണെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായ യാതൊരു രേഖയും ഫയൽ പരിശോധനയിൽ കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്ര അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A.96/22നമ്പർ ഗ്രോബാഗിലുള്ള പച്ചക്കറി കൃഷി എന്ന പദ്ധതി പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 187500/-രൂപയും ഗുണഭോക്തൃ വിഹിതമായി 62500/-രൂപയും ഉൾപ്പടെ ആകെ 250000/-രൂപ വകയിരുത്തി 67500/-രൂപ(പ്ലാൻ ഫണ്ട്)ചെലവഴിച്ചു. ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. 80/- രൂപ നിരക്കിൽ 25 ബാഗിന് 2000/-രൂപ വീതം എന്ന രീതിയിൽ നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്തത്. വിതരണ രജിസ്റ്റർ പ്രകാരം 125 പേർക്ക് ആകെ 3125 ഗ്രോബാഗുകൾ നൽകിയതായി കാണിച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. 3125 ഗ്രോബാഗ് നൽകുന്നതിനായി പ്ലാൻഫണ്ടിൽ നിന്നും നിർവഹണോദ്യോഗസ്ഥൻ നൽകേണ് ടതുക 187500/-രൂപയാണ്. എന്നാൽ ആകെ 67500/-രൂപയാണ് ചെലവഴിച്ചത്. ഇതിൽനിന്നും വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്തുവെന്ന് രേഖപ്പെടുത്തിയിരിക്കുന്ന എണ്ണവും യഥാർത്ഥത്തിൽ വിതരണം ചെയ്ത എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 3/22 -ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

B.ഗ്രോബാഗിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിച്ചതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.S052/22നമ്പർ കിഴങ്ങ് കൃഷി എന്ന പദ്ധതി പ്രകാരം ആകെ 300000/-രൂപ ചെലവഴിച്ചു. കിറ്റ് ഒന്നിന് 1000/-രൂപ നിരക്കിൽ 231 എണ്ണവും വളവും വിതരണം ചെയ്തു. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ആകെ 92 പേരുടെ പേര് മാത്രമേയുള്ളൂ. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 3/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെയും, ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.

3.a.49/22നമ്പർകേദാരം സമഗ്രനെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം വിത്ത്, വളം എന്നിവ നൽകുന്നതിനായി

പ്ലാൻഫണ്ടിൽ നിന്നും 672000/-രൂപയും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ 562326/-രൂപ വീതവും ഗുണഭോക്തൃവിഹിതമായി 2595988/-രൂപയും ഉൾപ്പടെ 4392640/-രൂപ അടങ്കൽ തുകയായി നിശ്ചയിച്ച് ഗുണഭോക്തൃ വിഹിതം ഒഴികെ 1476880/-രൂപ ചെലവ് രേഖപ്രകാരം ചെലവഴിക്കുകയും, വിത്തും വളവും പാടശേഖര സമിതികൾക്ക് കൈമാറുകയും ചെയ്തു. പദ്ധതി പ്രകാരം പാടശേഖരസമിതികളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തുവെങ്കിൽ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാനും,വളവും വിത്തും കർഷകർക്ക് നേരിട്ട് വിതരണം ചെയ്യാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 3/22-ന് മറുപടിയോ,ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖയോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

B.അപേക്ഷകളിൽ കൃഷിആഫീസർ ആവശ്യമായ രേഖപ്പെടുത്തലുകൾ രേഖപ്പെടുത്തിയിട്ടില്ല.

4.52/22 നമ്പർ കിഴങ്ങ് കൃഷി എന്ന പദ്ധതിയ്ക്കായി പ്ലാൻഫണ്ടിൽ നിന്നും 300000/-രൂപയും ഗുണഭോക്തൃവിഹിതമായി 23400/-രൂപയും ഉൾപ്പടെ 323400/-രൂപയും അടങ്കൽ വകയിരുത്തി ഗുണഭോക്തൃ വിഹിതം ഒഴികെ 300000/-രൂപ ചെലവ് ചെയ്തു. 1 യൂണിറ്റിന് 1000/-രൂപ നിരക്കിൽ 231 യൂണിറ്റ് കിഴങ്ങ് കിറ്റുകൾ വാങ്ങുന്നതിനായി KAIDCO-യ്ക്ക് നൽകി. കൂടാതെ 69000/-രൂപയുടെ വളവും വിതരണം ചെയ്തു. ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ പ്രകാരം 231 പേർക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ആകെ 92 ഗുണഭോക്താക്കൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളു.

കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. കൃഷിയ്ക്ക് പ്രാധാന്യം നൽകുന്ന പഞ്ചായത്തിൽ കൃഷിയ്ക്കായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ കർഷക വിഹിതം പഞ്ചായത്തിൽ നേരിട്ട് അടവാക്കുന്നതും, വിത്ത്,വളം മുതലായവ കർഷകർക്ക് നേരിട്ട് നൽകുന്നതുമായ രീതി പ്രോത്സാഹിപ്പിക്കാവുന്നതാണ്. അപാകങ്ങൾ ഒഴിവാക്കി നിർവഹണം നടത്തുന്നതിന് നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി മേൽനോട്ടം ശക്തിപ്പെടുത്തേണ്ടതുമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 3/22- ന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാത്തതു മൂലം ഗുണഭോക്തൃസമിതി കൺവീനർ എന്ന വ്യാജേന ബിനാമികൾ പ്രവൃത്തികൾ ചെയ്തു വരുന്നതായി സംസ്ഥാനത്തൊട്ടാകെ വ്യാപകമായ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.11.2014-ലെ ഡി ബി.1/1559/2010/ഡി.ഇ/തസ്വഭവ നം. സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ 2021-22 വർഷം ചെങ്കൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കി പണം നൽകിയ ഇരുപതോളം പദ്ധതികളിൽ ടി സർക്കുലറിലെ പല നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല. പല പദ്ധതികളിലും ഗുണഭോക്തൃ സമിതികൾ ഒരു തവണ മാത്രമാണ് യോഗം കൂടിയതെന്ന് മിനിട്സ് ബുക്ക് പരിശോധനയിൽ കാണുന്നു. വട്ടവിള പി.എച്ച്.സി നവീകരണ(പ്രോജക്ട് നം.129) ത്തിനായി ഗുണഭോക്താക്കളുടെ ആദ്യയോഗം 09.02.2022-ൽ വിളിച്ച് കൂട്ടുന്നതിനുള്ള നോട്ടീസ് ഫയലിനൊപ്പം ഹാജരാക്കിയെങ്കിലും, ഗുണഭോക്തൃസമിതി മിനിട്സിൽ ഇപ്രകാരം ഒരു യോഗം കൂടിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (A.E No.45 Dtd:17.12.20222) ആയത് മിനിട്സ് ബുക്കിൽ ചേർക്കാൻ വിട്ടു പോയതാണ് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. വട്ടവിള പി.എച്ച്.സി നവീകരണം (പ്രോജക്ട് നം.129) എന്ന പദ്ധതി നടത്തിപ്പിനായി ശ്രീ വട്ടവിള ഷാജി ചെയർമാൻ ആയും, ഡോ.ലിജ എസ്.എൻ കൺവീനർ ആയും ഗുണഭോക്തൃസമിതി രൂപീകരിക്കപ്പെടുകയും ചെയർമാന്റെയും കൺവീനറുടെയും പേരിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. എന്നാൽ പദ്ധതി പൂർത്തീകരണത്തെ തുടർന്ന് ബിൽ തുക ചെയർമാന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ടിലാണ് നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (A.E No.45 Dtd:17.12.20222) ജോയിന്റ് അക്കൗണ്ട് സാംഖ്യ സോഫ്റ്റ്‌വെയറിൽ ചേർക്കാനുണ്ടായ സാങ്കേതിക കാലതാമസം മൂലവും, കൺവീനർ ആയ ഡോ.ലിജ നൽകിയ കത്തിന്റെയും അടിസ്ഥാനത്തിലാണ് ചെയർമാന്റെ പേരിൽ തുക അക്കൗണ്ടിലേക്ക് നല്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഡോ.ലിജ നൽകിയ കത്തിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്.

ഗുണഭോക്തൃസമിതികൾ മുഖേന പദ്ധതി നടപ്പിലാക്കുമ്പോൾ 13.11.2014-ലെ തസ്വഭവ ചീഫ് എഞ്ചിനീയറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-34 വക്കീൽ ഫീസ് നൽകിയതിൽ നിന്നും റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല.

വൗച്ചർ നം. 22101135 തീ. 19.01.22 പ്രകാരം അഡ്വക്കേറ്റ് ഫീസിനത്തിൽ അഡ്വ. ശ്രീ.ആർ.റ്റി. പ്രദീപിന് 57500/- രൂപ നൽകിയിരിക്കുന്നു. ആദായനികുതി വകുപ്പ് റൂൾ 194(J)പ്രകാരം പ്രൊഫഷണൽ പ്രവർത്തികളിൽ എർപ്പെടുന്ന വ്യക്തികളിൽ നിന്ന് ഒരു വർഷം അവർക്ക് നൽകുന്ന ഫീസ് 30000/- രൂപയിൽ കൂടുതൽ ആണെങ്കിൽ ആയതിൽ നിന്ന് 10% തുക ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഫീസിനത്തിൽ വാങ്ങുന്ന വ്യക്തി നേരിട്ടല്ല അടവാക്കേണ്ടത്. ഇത്തരത്തിൽ ഫീസ് അനുവദിക്കുമ്പോൾ നിയമാനുസൃതമായ നികുതി സ്ഥാപനം തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. എന്നാൽ ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 34/17.12.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിയമാനുസൃതമായ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-35 സംഭാവനയായി ലഭിച്ച പെൻഡ്രൈവുകൾ വാങ്ങിയതായി കാണിച്ച് 9975/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ചു. 9975/- രൂപ നിരാകരിക്കുന്നു

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായി നെയ്യാറ്റിൻകര നിംസ് മെഡിസിറ്റി 10/07/2021 ൽ 35 പെൻഡ്രൈവുകൾ അംഗൻവാടികൾക്കായി നൽകിയിരുന്നു. പ്രസ്തുത പെൻഡ്രൈവുകൾ വാങ്ങിയതായി രേഖയുണ്ടാക്കി തുക പിൻവലിച്ചു. വിശദാംശം ഖണ്ഡിക 3-1 ൽ നൽകിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സംഭാവനയായി ലഭിച്ച പെൻഡ്രൈവുകൾ വാങ്ങിയതായി കാണിച്ച് 9975/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ചു. 9975/- രൂപ നിരാകരിക്കുന്നു

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായി നെയ്യാറ്റിൻകര നിംസ് മെഡിസിറ്റി 10/07/2021 ൽ 35 പെൻഡ്രൈവുകൾ അംഗൻവാടികൾക്കായി നൽകിയിരുന്നു. പ്രസ്തുത പെൻഡ്രൈവുകൾ അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിംസ് മെഡിസിറ്റിയിൽ നിന്നും പെൻഡ്രൈവുകൾ സ്വീകരിക്കുന്ന ഫോട്ടോ ഉൾപ്പെടെ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26; തീയതി :16/12/22 ) ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. തൻ വർഷം ഓരോ അംഗൻവാടിക്കും നിംസിൽ നിന്നും ലഭ്യമായ ഒരു പെൻഡ്രൈവ് മാത്രമെ നൽകിയിട്ടുള്ളു. വേറെ പെൻഡ്രൈവുകൾ ഒന്നും നൽകിയിട്ടില്ല എന്ന് അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

എന്നാൽ അംഗൻവാടികൾക്ക് പെൻഡ്രൈവ് വാങ്ങുന്നതിനായി വൗച്ചർ നമ്പർ 22100480 തീയതി: 31/07/21 പ്രകാരം 9975/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 024539 ; തീയതി : 08/07/21 പ്രകാരം BNP Electronics എന്ന സ്ഥാപനത്തിനാണ് തുക അനുവദിച്ചിരിക്കുന്നത്. 16/07/21 ന് പ്രസ്തുത തുക കേരള ഗ്രാമീൺ ബാങ്ക്, ഉദിയൻകുളങ്ങര ബ്രാഞ്ചിലെ തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30: തീയതി:15/12/22 ) മറുപടി ലഭ്യമാക്കിയില്ല. സംഭാവനയായി ലഭ്യമായ പെൻഡ്രൈവുകൾ വാങ്ങിയതായി രേഖയുണ്ടാക്കി പഞ്ചായത്തു ഫണ്ടിൽ നിന്നും തുക പിൻവലിച്ചത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 9975/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ജില്ലാ പഞ്ചായത്ത് വിഹിതം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| മുന്നിരിപ്പ് | തൻവർഷം ആകെ ലഭിച്ച തുക | തൻവർഷം ആകെ ചെലവ് തുക | നീക്കിയിരിപ്പ്. |
|---|---|---|---|
| 2050090 | *5159204 | *5159204 | 2050090 |

* Trial Balance ൽ തൻവർഷ ക്രയവിക്രയത്തിന്റെ കോളത്തിൽ രേഖപ്പെടുത്തലുകളില്ല.

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങൾ

| ജില്ലാ പഞ്ചായത്ത് വിഹിതം- പദ്ധതി നം | പദ്ധതി വിവരങ്ങൾ | അടങ്കൽ | ചെലവ് |
|---|---|---|---|
| 13/22 | ക്ഷീരസമൃദ്ധി ജനറൽ വനിത | 500000 | 475090 |
| 12/22 | ക്ഷീരസമൃദ്ധി ജനറൽ | 500000 | 148038 |
| 7/22 | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 555750 | 555750 |
| 311/22 | ന്യൂലൈഫ് കോളനി നവീകരണം | 590000 | 560000 |
| 53/22 | ലൈഫ് ഭവന നിർമാണ പദ്ധതി -ജനറൽ | 3000000 | 2478000 |
| 161/22 | ന്യൂലൈഫ്-ലക്ഷം വീട് കോളനി-നവീകരണവും സമഗ്രവികസനവും | 624000 | 380000 |
| 49/22 | കേദാരം സമഗ്രനെൽകൃഷി വികസനം. | 562326 | 562326 |
| ആകെ | | | 5159204 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| മുന്നിരിപ്പ് | തൻവർഷം ആകെ ലഭിച്ച തുക | തൻവർഷം ആകെ ചെലവ് തുക | നീക്കിയരിപ്പ്. |
|---|---|---|---|
| 1835500 | *3179207 | *3179207 | 1835500 |

* Trial Balance ൽ തൻവർഷ ക്രയവിക്രയത്തിന്റെ കോളത്തിൽ രേഖപ്പെടുത്തലുകളില്ല.

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങൾ

| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- പദ്ധതി നം | പദ്ധതി വിവരങ്ങൾ | അടങ്കൽ | ചെലവ് |
|---|---|---|---|
| 49/22 | കേദാരം സമഗ്രനെൽകൃഷി വികസനം. | 562326 | 470614 |
| 161/22 | ന്യൂലൈഫ്-ലക്ഷം വീട് കോളനി-നവീകരണവും സമഗ്രവികസനവും | 252000 | 40000 |
| 53/22 | ലൈഫ് ഭവന നിർമാണ പദ്ധതി -ജനറൽ | 3000000 | 821832 |
| 311/22 | ന്യൂലൈഫ് കോളനി നവീകരണം | 150000 | 150000 |
| 7/22 | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 555750 | 555750 |
| 13/22 | ക്ഷീരസമൃദ്ധി ജനറൽ വനിത | 900000 | 806015 |
| 12/22 | ക്ഷീരസമൃദ്ധി ജനറൽ | 700000 | 334996 |
| ആകെ | | | 3179207 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 223 പോസ്റ്റ് ഷിഫ്റ്റിംഗ് | ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 343801 | 343801 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 358/22 ഊറ്റൻകുളങ്ങര സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 88334 | 88334 | |
| കേരള വാട്ടർ അതോറിറ്റി | 1-ാം വാർഡ് ടൈൽ ഫാക്ടറി മുതൽ താമരവിള വരെ പൈപ്പ് വാട്ടർ അതോറിറ്റി മാറ്റി സ്ഥാപിക്കൽ | 22359 | 22359 | 22359 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | ആവണിക്കൽ വിള ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് | 100000 | 100000 | 100000 | -ടി- |

ധനകാര്യപത്രികയിലെ വിവരങ്ങൾ

| ഏജൻസി | മുന്നിരിപ്പ് | നൽകിയ തുക | തിരികെ ലഭിച്ച തുക | ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 1142050 | മുൻകൂർ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല | 0 | 1230384 |
| കേരള വാട്ടർ അതോറിറ്റി | 937319 | 22359 | 0 | 959678 |

*നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുക, ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| HUDCO | 64371363 | 1420000 | 65791363 | 5485332 | 60034697 |

വായ്പയിനത്തിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ വായ്പരജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല . അപാകത ഖണ്ഡിക 1-2ൽ പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 34 | 2007-08 | 35.1 | കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചതിൽ കൂടുതൽ തുക ചെലവഴിച്ചു. | 04.02.2002 ലെ (28) തീരുമാന പ്രകാരം തുക ഒഴിവാക്കി നൽകുന്നതിന് KSAD യോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. |
| 2006-07 | 3.5 | 2010-11 | 5.4.1 | ചട്ടങ്ങൾ പാലിക്കാത്ത വർക്കുകൾ ടെണ്ടർ നൽകി | തുക അടവാക്കാൻ ബാക്കിയുള്ള മെമ്പർമാരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2009-10<br>2010-11 | 3.7(1-12)<br>3.5(1,2) | 2011-12 | 3.2.11 | | എ.ഇ. എം.എസ്. ദിലീപിന് തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10403562 |
| ഓഡിറ്റ് വർഷത്തെ വരവ് | 122243792 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 123087998 |
| നീക്കിയിരിപ്പ് | 9559356 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9975 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2855575 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9975 | ഡോ ജി .പ്രീതിനാഥ്,സെക്രട്ടറി |
| ആകെ | 9975 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 229708 | ഡോ ജി പ്രീതിനാഥ്,സെക്രട്ടറി |
| 1-23 | 81583 | മനോജ് റ്റി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 500000 | മഞ്ജുഷ.എ.എസ്,വി.ഇ.ഒ |
| 1-30 | 1954494 | ഡോ ജി പ്രീതിനാഥ്, സെക്രട്ടറി |

| | | |
|---|---|---|
| 1-31 | 89790 | ഡോ ജി പ്രീതിനാഥ്, സെക്രട്ടറി |
| ആകെ | 2855575 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കൃത്യമായി കണക്കാക്കാനായിട്ടില്ല (ഖണ്ഡിക 1.15)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1.15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ ജി പ്രീതിനാഥ്,സെക്രട്ടറി | റിട്ടയേർഡ് | ഡോ ജി പ്രീതിനാഥ്,പരമേശ്വരം , ആറാലുംമൂട്, നെയ്യാറ്റിൻകര |
| മനോജ് റ്റി ആർ, അസിസ്റ്റന്റ് സെക്രട്ടറി | മനോജ് റ്റി ആർ, അസിസ്റ്റന്റ് സെക്രട്ടറി , ചെങ്കൽ ഗ്രാമപഞ്ചായത്ത് | തൂജ, അരുമാനൂർ, പൂവാർ പി .ഒ |
| മഞ്ജുഷ.എ.എസ്,വി.ഇ.ഒ | - | അജിത്ത് ഭവൻ, നെടിയാംകോട്, പരശ്ശുവയ്ക്കൽ പി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 2 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 10 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 7 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 8 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 5 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 6 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 17 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 5 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1837/19, തീയതി 21.11.2020 | 15 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/663/2021, തീയതി 31.03.21 | 6 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1020/2022 ,തീയതി 31.03.21 | 36 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്